**യുവജനങ്ങളെ സ്വാധീനിക്കാൻ കാഴ്ചയുടെ ലോകത്തിലേക്കിറങ്ങണം**

ദൃശ്യമീഡിയയ്ക്ക് വലിയ സ്വാധീനമുള്ള ഈ കാലത്ത് മനുഷ്യജീവിതത്തിലെ ഭാവാത്മക മൂല്യങ്ങൾക്കു പ്രാധാന്യംകൊടുക്കുന്ന സൃഷ്ടികൾക്കു രൂപംകൊടുക്കാൻ തയ്യാറാകണമെന്ന് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് എബ്രാഹം മാർ യൂലിയോസ് യുവജനങ്ങളെ ആഹ്വാനംചെയ്തു. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച ലൂമെൻ ഹ്രസ്വചിത്രമത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്ന ചടങ്ങിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു പിതാവ്. ഷോർട്ട് ഫിലിം ജേതാക്കളെയും ഇതിൽ പങ്കെടുത്തവരെയും പിതാവ് പ്രത്യേകം അഭിനന്ദിച്ചു. ചടങ്ങിൽ സിനിമാനടനും ഫിലിം ഡയറക്ടറുമായ ശ്രീ. സിജോയ് വർഗീസ് മുഖ്യാതിഥിയായിരുന്നു. കാഴ്ചയുടെ ലോകത്തിലേക്കിറങ്ങിചെന്ന്, ഉപമകളിലൂടെ യേശു പഠിപ്പിച്ച സനാതന മൂല്യങ്ങൾ ആനുകാലികഭാഷ്യത്തിൽ അവതരിപ്പിക്കുവാൻ യുവജനസമൂഹം കൂടുതൽ മുന്നിട്ടിറങ്ങണമെന്ന് ശ്രീ. സിജോയ് വർഗീസ് തന്റെ പ്രസംഗത്തിൽ ഓർമിപ്പിച്ചു.

കെസിബിസി ബൈബിൾ കമ്മീഷൻ ആദ്യമായി സംഘടിപ്പിച്ച ഹ്രസ്വചിത്രമത്സരത്തിൽ പാരിഷ് കാറ്റഗറിയിൽ നൂറനാടിലെ ബിനു ഫ്രാൻസീസ് സംവിധാനം ചെയ്ത 'ഒന്നാം പാഠം' ഏറ്റവും നല്ല ചിത്രത്തിനുള്ള അവാർഡ് നേടി. ഷീൽഡും 25000 രൂപയുമാണ് സമ്മാനം. ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിൽ ചാലക്കുടിയിലെ സേക്രഡ് ഹാർട്ട് കോളേജിലെ ഡോ. റോസി തമ്പി സംവിധാനം ചെയ്ത 'സാക്ഷ' ഒന്നാം സ്ഥാനം നേടി. തിരുവനന്തപുരം ലൂർദ് ഫൊറോനയും തൃശൂർ മേരീ മാതാ സെമിനാരിയും രണ്ടാം സ്ഥാനങ്ങൾ കരസ്ഥമാക്കി. ഏറ്റവും നല്ല ഡയറക്ടർക്കുള്ള സമ്മാനം ശ്രീ. ബിനു ഫ്രാൻസീസിനും മികച്ച നടനുള്ള സമ്മാനം ആൽബിൻ ബൈജു, അഖിൽ എന്നിവർക്കും സമ്മാനിച്ചു. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച അഖിലകേരള സാഹിത്യരചനാമത്സര ജേതാക്കൾക്കുള്ള സമ്മാനങ്ങളും ഈചടങ്ങിൽ വിതരണം ചെയ്തു. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി, പി. ഓ. സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ജോഷി മയ്യാറ്റിൽ, ഫാ. ഡായ് കുന്നത്ത്, ശ്രീ. തോമസ് എൺപതിൽ എന്നിവർ സംസാരിച്ചു.

ഫോട്ടോയിൽ:
*(എറണാകുളം പിഒസിയിൽ നടന്ന ലൂമെൻ ഹ്രസ്വചിത്ര മത്സരത്തിന്റെ ഒന്നാംസമ്മാനം ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് എബ്രാഹം മാർ യൂലിയോസ്* ശ്രീ. ബിനു ഫ്രാൻസീസിനു *നല്കുന്നു. ശ്രീ. സിജോയ് വർഗീസ്, കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുതുശ്ശേരി, ശ്രീ തോമസ് എൺപതിൽ, ആൽബിൻ എന്നിവർ സമീപം. )*